മംഗളം
MANGALAM MALAYALAM NEWS

24 May 2026

# രാസവളങ്ങളുടെ അമിത ഉപയോഗത്തിനെതിരേ സി.എം.എഫ്.ആർ.ഐയുടെ ബോധവത്കരണം

കൊച്ചി: കൃഷിയിടങ്ങളിൽ രാസവളങ്ങൾ അമിതമായി ഉപയോഗിക്കുന്നതിനെതിരെ ബോധവത്കരണവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ). ദേശീയതലത്തിൽ നടപ്പാക്കുന്ന ഖേത് ബച്ചാവോ അഭിയാനിന്റെ ഭാഗമായി സിഎംഎഫ്ആർഐയിൽ നടന്ന ബോധവൽകരണ പരിപാടിയിൽ 200ലേറെ കർഷകർ പങ്കെടുത്തു.



■ സിഎംഎഫ്ആർഐയിൽ നടന്ന കർഷക ബോധവൽകരണ പരിപാടി ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് ഉദ്ഘാടനം ചെയ്യുന്നു.

രാസവളങ്ങളുടെ അളവ് കുറച്ച് മണ്ണും പരിസ്ഥിതിയും സംരക്ഷിക്കുന്ന പ്രകൃതിദത്ത കൃഷിരീതികളിലേക്ക് കർഷകർ മാറണമെന്ന് വിദഗ്ധർ ആവശ്യപ്പെട്ടു.

ജല-വായു മലിനീകരണത്തിനും ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലിനും അതുവഴി കടുത്ത പരിസ്ഥിതി നാശത്തിനും കാരണമാകും.

അമിത രാസവളപ്രയോഗത്തിലൂടെയുണ്ടാകുന്ന പോഷക ചോർച്ച ജലാശയങ്ങളിലേക്ക് ഒഴുകിയെത്തുന്നത് മത്സ്യസമ്പത്തിനെയും ദോഷകരമായി ബാധിക്കുമെന്ന് വിദഗ്ധർ പറഞ്ഞു. സിഎംഎഫ്ആർഐ. ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. ഡോ. കാർത്തിക കെ.എസ്., ഡോ. സനൽ എബ്നേസർ, ഡോ വിദ്യ ആർ എന്നിവർ സംസാരിച്ചു.